LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഒറ്റത്തെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ എസ്റ്റിമേറ്റ്

116 [1055] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഒറ്റത്തെ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണ ചെലവ് എത്ര രൂപയാണ്;

(ബി) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം നിർമ്മാണ ചെലവ് 47.27 ലക്ഷം രൂപയാണ്.

(ബി) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതികളുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുന്നതിലെ കാലതാമസം

117 [1056] *ശ്രീ. എ. എ. അസീസ്:*
" *കൊറ്റൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവവകുപ്പ് മേജർ, മൈനർ ഇറിഗേഷൻ പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങളിൽ പണി പൂർത്തിയാക്കിയ കരാറുകാർക്ക് പെൻഡിംഗ് പേമെന്റ് നൽകുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് ഏത് കാലയളവുവരെ നൽകിയിട്ടുണ്ട്; ഇനി ഏത് കാലയളവുവരെയുള്ളവർക്ക് നൽകാനുണ്ട്;

(ബി) എന്ത് തുകയാണ് ഇനി നൽകാനുള്ളത്;

(സി) ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-3-2004 വരെയുള്ള കുടിശ്ശിക ബില്ലുകൾക്ക് ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകിയിട്ടുണ്ട്. 1-4-2004 മുതൽ 31-3-2005 വരെയുള്ള ബില്ലുകൾക്ക് ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകാനുണ്ട്.

(ബി) മേജർ ഇറിഗേഷൻ പണികൾക്ക് 190.96 കോടി രൂപയും മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് 28 കോടി രൂപയും ഇനി നൽകാനുണ്ട്.